# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി9/ 93 /23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 04/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎംപി9/ 93 /23 തീയ്യതി: 04/03/2023

## കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സുലത.ഡി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സ്മിത.ജി.നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി. സജിമോൾ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജ്യോതിലക്ഷമി. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അജയൻ. കെ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| മേനോൻ | | | |
| ശ്രീമതി.രേഖ.എം.കെ | സെക്രട്ടറി | 01-04-2021 | 20-06-2021 |
| ശ്രീ.വിജയരാജ്.വി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-06-2021 | 27-06-2021 |
| ശ്രീമതി.രേഖ.എം.കെ | സെക്രട്ടറി | 28-06-2021 | 02-10-2021 |
| ശ്രീ.സുനിൽകുമാർ.എൻ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-10-2021 | 14-11-2021 |
| ശ്രീമതി.രേഖ.എം.കെ | സെക്രട്ടറി | 15-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ.വിജയരാജ്.വി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീ.സുനിൽകുമാർ. എൻ.സി | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2021 | 31-03-2022 |
| ശ്രീമതി.ഗൗരി. എ.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീമോൾ.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീദേവി .കെ.ജി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. റൂബി നൈനാൻ | ഹെഡ്മിസ്ട്രസ്സ്,ഗവ.യു.പി.സ്കൂൾ, തിരുവാർപ്പ് | 01-04-2021 | 31-03-2022 |
| ശ്രീമതി. അഞ്ജന. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ഹസീന.എച്ച് | വെറ്ററിനറി സർജൻ | 01-04-2021 | 20-05-2021 |
| ഡോ.ദിവ്യമോൾ തോമസ് | വെറ്ററിനറി സർജൻ | 21-05-2021 | 31-03-2022 |
| ഡോ.സുമ.കെ.ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 16-05-2021 |
| ഡോ.ബിനി.വി.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 17-05-2021 | 01-06-2021 |
| ഡോ.സുമ കെ.ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 02-06-2021 | 01-07-2021 |
| ഡോ.ബിനി. വി.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 02-07-2021 | 11-12-2021 |
| ഡോ.മെറിൻ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 12-12-2021 | 19-12-2021 |
| ഡോ.ഗീത മാത്യൂ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 20-12-2021 | 31-03-2022 |
| ഡോ.കാതറിൻ പ്രീമ | മെഡിക്കൽ ഓഫീസർ, | 01-04-2021 | 09-08-2021 |

| | | | |
|---|---|---|---|
| തോമസ് | പി.എച്ച്.സി. | | |
| ഡോ.സ്മിത.ഇ.എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 10-08-2021 | 31-03-2022 |
| ശ്രീമതി. അഹന മനോഹർ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഉമ.എസ്സ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെങ്ങളം സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ.നിസ്സാമുദ്ദീൻ .എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തിരുവാർപ്പ് സർക്കിൾ | 01-04-2021 | 31-03-2022 |

ശ്രീമതി ഉമ എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെങ്ങളം സർക്കിൾ, 18.11.2021 മുതൽ 17.01.2022 വരെയുള്ള കാലയളവിൽ അവധിയിൽ ആയിരുന്നതിനാൽ ശ്രീ.നിസ്സാമുദ്ദീൻ.എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക്, തിരുവാർപ്പ് സർക്കിൾ-ന് ആയിരുന്നു ടി കാലയളവിലെ അധിക ചുമതല.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മൊബൈൽ ടവറിന്റെ വസ്തു നികുതി - 7936 രൂപ ഈടാക്കാനവശേഷിക്കുന്നു. | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-12 |
| 13 | ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ | 1-13 |
| 14 | പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി പ്രോജക്ടുകളുടെ നിർവ്വഹണം-നിർവ്വഹണോദ്യോഗസ്ഥനെ നിശ്ചയിച്ചതിൽ സർക്കാർനിർദ്ദേശം കണക്കിലെടുത്തില്ല | 1-14 |
| 15 | മെറിറ്റോറിയസ് സ്കോളർഷിപ്പ് സബ്സിഡിയിലധികരിച്ച് തുക നൽകി | 1-15 |
| 16 | ഫണ്ട് ലഭ്യമായിരുന്നിട്ടും വേലമൂല്യം പരിമിതപ്പെടുത്തി ബിൽ തയ്യാറാക്കി-പഞ്ചായത്തിന് ഫണ്ട് നഷ്ടം | 1-16 |
| 17 | കരാർ വച്ച് രണ്ട് വർഷമായിട്ടും പ്രോജക്ട്നിർവ്വഹണം ആരംഭിച്ചിട്ടില്ല. | 1-17 |
| 18 | ജി.എസ്.റ്റി.കോമ്പൻസേഷൻതുക അധികനിരക്കിൽ ഉൾപ്പെടുത്തി ബിൽ തയ്യാറാക്കി | 1-18 |
| 19 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-19 |
| 20 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. | 1-20 |
| 21 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘീകരണം കരാറിലേർപ്പെടാതെ തുക കൈമാറി | 1-21 |
| 22 | പഞ്ചായത്ത് കോമ്പൗണ്ടിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - നിർമ്മാണം പൂർത്തീകരിച്ചെങ്കിലും യൂണിറ്റുകൾ പ്രവർത്തനക്ഷമമായിട്ടില്ല. | 1-22 |
| 23 | വയോക്ലബ് -പ്രവർത്തനമാരംഭിച്ചിട്ടില്ല. | 1-23 |
| 24 | വിവിധ സ്ഥാപനങ്ങളിലേക്ക് തുക കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 25 | മഴക്കാല പൂർവ്വ ശുചീകരണം സമയബന്ധിതമായി നടപ്പാക്കുന്നില്ല. | 1-25 |

| | | |
|---|---|---|
| 26 | കോവിഡ് അവലോകനം | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മെറിറ്റോറിയസ് സ്കോളർഷിപ്പ് സബ്സിഡിയിലധികരിച്ച് തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/02/2022 ലെ 1(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 12232736 | 14035984 |
| വരവ് | 135777200 | 82082612 |
| ആകെ | 148009936 | 96118596 |
| ചെലവ് | 14367200 | 80046989 |
| നീക്കിയിരിപ്പ് | 133642736 | 16071607 |

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 221912511/- രൂപയും ചെലവ് 219580780/- രൂപയും തൻവർഷ പ്രവർത്തന ലാഭം 2331731/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 63498887/- രൂപയും ബാധ്യതകളുടെ മൂല്യം 51700931/- രൂപയും ആകെ ജനറൽ ഫണ്ട് 11797956/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2.31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകൾ ലഭ്യമല്ല.

3.പ്ലാൻ ഫണ്ട് പ്രോജക്ടുകളുടെ ചെലവ് റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

4. CFC ഗ്രാന്റ് വരവ് ചെലവ് നീക്കിയിരിപ്പ് എ സി ആറുമായി പൊരുത്തപ്പെടുന്നില്ല.

5. RP 40b യിൽ സഹകരണ ബാങ്കിന്റെ (അക്കൗണ്ട് നമ്പർ 3104) നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 8015693 രൂപയാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ റീക്കൺസിലേഷൻ പത്രികയിൽ 7999693 രൂപ ബാങ്ക് ബുക്ക് ബാലൻസായി കണക്കാക്കിയാണ് പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്നത്.

6. ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിൽ 350300101 എന്ന ശീർഷകത്തിൽ ലൈബ്രറി സെസ്സ് പേയബിൾ എന്ന ശീർകത്തിൽ -41072/- രൂപയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

7.സംയുക്ത പ്രോജക്ടിനായി മുൻവർഷം ലഭിച്ച തുകയിൽ 157906 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 92852/- രൂപ യാണ് ബാദ്ധ്യതയായി ബി4 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്.

8. ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 18283488 രൂപ തൻ വർഷം ലഭിച്ചിട്ടുണ്ട് എന്നാൽ 18252898 രൂപയാണ് വാർഷികകണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്.

9. അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിവിധ ശീർഷകങ്ങളിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൻവർഷം വിവിധ പ്രോജക്ടുകൾ പ്രകാരം നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബി 18 ഷെഡ്യൂളിൽ അതാത് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

10.വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്,

കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

11. 2011-ലെ കേരള പഞ്ചായത്ത്'രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16).

12.412010101-Capital Work In Progress ശീർഷകത്തിൽ 3655823/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

13. ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിലെ 350410101, 350410102, 350410301 ശീർഷകങ്ങളിലെ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

14.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

15.ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

16. മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

17. സംയുക്ത പ്രോജക്ടിനായി ട്രഷറിയിൽ ഉള്ള അക്കൗണ്ടിൽ 9/03/22 ൽ ക്രഡിറ്റ് ചെയ്ത 25854രൂപയുടേയും 19/03/22ൽ ക്രെഡിറ്റ് ചെയ്ത 1228/- രൂപയുടേയും വിശദാംശങ്ങൾ ലഭ്യമായില്ല. പ്രസ്തുത തുക കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ എന്ന ശീർഷകത്തിലാണ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയത്

18. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 24/22 എന്ന പ്രോജക്ട് പ്രകാരം 50500/-രൂപ ഗുണഭോക്തൃ ഇനത്തിൽ ചെലവഴിച്ചിരുന്നു. ടി തുക ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയില്ല.

അപാകതകൾ പരിഹരിച്ച് രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14035984 |
| ഓഡിറ്റ് വർഷത്തെ വരവ് | 82082612 |
| ആകെ | 96118596 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 80046989 |
| നീക്കിയിരിപ്പ് | 16071607 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3271206 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റിന്റെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് / വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 20948933 | 20948933 | 20948933 | 0 |
| വികസനഫണ്ട് - SCP | 0 | 4748523 | 4748523 | 4593000 | 155523 |
| വികസനഫണ്ട് - TSP | 0 | 14783 | 14783 | 0 | 14783 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied | 0 | 4734603 | 4734603 | 4587297 | 147306 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 0 | 8715760 | 8715760 | 4927201 | 3788559 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 9854200 | 9854200 | 854000 | 9000200 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 7048289 | 7048289 | 5461370 | 1586919 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 964474 | 180000 | 1144474 | 735971 | 408503 |
| ICDS ഫണ്ട് | 83854 | 794877 | 878731 | 504751 | 373980 |

വികസനഫണ്ട് എസ് സി പി, ടി എസ് പി ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗത്തിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. എസ് സി പി ഫണ്ടിനത്തിൽ 155523/- രൂപയും ടി എസ് പി ഫണ്ടിനത്തിൽ 14783/- രൂപയും മെയിന്റനൻസ് ഫണ്ട് നോൺ റോഡിനത്തിൽ 330629 രൂപയും റോഡ് ഇനത്തിൽ 90200 രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവ് ചെയ്ത തുക 51289രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. എന്നാൽ31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസന ഫണ്ട് എസ് സി പി, ടി എസ് പി മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ അധിക അലോട്ട്മെന്റായി ലഭിച്ച തുകകൾ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എസി ആറിലും ഗ്രാന്റ് സ്റ്റേറ്റ് മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ 2704760/-രൂപയും ബേസിക്ക് ഗ്രാന്റ് ഇനത്തിൽ 727603/- രൂപയും ഇപ്രകാരം അധിക അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച അധിക അലോട്ട് മെന്റിൽ ബേസിക്ക് ഗ്രാന്റ് ഇനത്തിൽ 721000 രൂപയും ടൈഡ് ഇനത്തിൽ 795121 രൂപയും ചെലവഴിച്ചിട്ടുണ്ട്.

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. എസി ആറിലും ഗ്രാന്റ് സ്റ്റേറ്റ് മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്കും ടി റിപ്പോർട്ട് ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

2021-22 വാർഷികപദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് അധികമാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് സ.ഉ.(കൈ)നം.4/2021/ത.സ്വ.ഭ.വ തീയതി 11-1-21 പ്രകാരം ഉത്തരവ് പുറപ്പെട്ടുവിച്ചതനുസരിച്ച് ഗ്രാമപഞ്ചായത്ത് പിൻതുടർന്ന പദ്ധതി രൂപീകരണപ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി/ |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു അംഗീകരിച്ചു | 13-1-21-ലെ 2(1), 2(2) തീരുമാനങ്ങൾ |
| ആസൂത്രണസമിതിയോഗം | 28-1-21 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 29-1-21 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 5-2-21മുതൽ 10-2-21 വരെ തീയതികൾ |
| ഊരുകൂട്ടയോഗം | 16-2-21 |
| വികസനസെമിനാർ | 24-2-21 |
| വികലാംഗഗ്രാമസഭ | 22-2-22 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചു | 14-7-21 ലെ 3(1) തീരുമാനം |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 1-10-21ലെ അജണ്ട-1 |

21-22 സാമ്പത്തികവർഷത്തിൽ കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. വാർഷികപദ്ധതിയുടെ തൻവർഷത്തെ ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചത് 08-01-22 മുതൽ തീയതികളിൽ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭായോഗങ്ങൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 10.03.2022 ലെ 81898/21/ DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 151 | 155984714 | 110 | 59052863 | 41 | 73 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 8790334 | 8700327 | 98.98 |
| വെറ്ററിനറി സർജൻ | 6 | 6 | 4370000 | 3439987 | 78.72 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 8 | 1791203 | 1751113 | 97.76 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 2 | 1429320 | 1235600 | 86.45 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 399000 | 94754 | 23.75 |
| വി.ഇ.ഒ | 23 | 14 | 88755498 | 14440000 | 16.27 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 5802832 | 5300809 | 91.35 |
| സെക്രട്ടറി | 43 | 23 | 26261865 | 11989013 | 45.65 |
| ഹെഡ്മാസ്റ്റർ | 11 | 9 | 2048870 | 1591748 | 77.69 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 750000 | 450000 | 60 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 597000 | 527595 | 88.37 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 36 | 28 | 14788792 | 9331917 | 63.10 |
| ആകെ | 151 | 110 | 155984714 | 59052863 | 37.86 |

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 165 തൊഴിൽ കാർഡ് അപേക്ഷകർക്കും തൊഴിൽകാർഡ് നൽകിയിട്ടുണ്ട്. തൊഴിൽ കാർഡിന് അപേക്ഷിച്ച മുഴുവൻ ആളുകൾക്കും സമയബന്ധിതമായി 14 ദിവസത്തിനുള്ളിൽ തന്നെ തൊഴിൽകാർഡ് നൽകിയിട്ടുണ്ട്. 2021-22 വർഷം 2411 കുടുംബങ്ങൾ തൊഴിൽഡിമാന്റ് ചെയ്തിട്ടുണ്ട്. എല്ലാ തൊഴിൽ ഡിമാന്റുകൾക്കും കൈപ്പറ്റ് രസീത് നൽകുന്നുണ്ട്.പഞ്ചായത്തിൽ ആകെയുള്ള 298 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. പഞ്ചായത്തിലെ ആകെയുള്ള 18 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. മുഴുവൻ ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് നടത്തുകയും ചെയ്തിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 501 പദ്ധതികൾ വിഭാവനം ചെയ്തതിൽ 463 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചു. അതിൽ 394 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. തൻവർഷം 163341 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2294 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകികൊണ്ട് നടപ്പിലാക്കിയ വാച്ചാൽ ആഴം കൂട്ടൽ, വൃക്ഷതൈ നടീൽ, തോട് ആഴം കൂട്ടൽ, കയർ ഭൂവസ്ത്രം വച്ചു പിടിപ്പിക്കൽ എന്നിവയ്ക്ക് മുൻഗണന നൽകിയുള്ള പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ഹാജരാക്കിയ തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.തൻ വർഷം തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് എടുത്ത് ചെലവഴിച്ച 2318935/- രൂപയിൽ 892158/-രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. ബാക്കി 14,26,777/-രൂപ ലഭിക്കാനുണ്ട്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39728.5 | 858199 | 897927.5 | 892158 | 5769.50 |
| | 0 | 61459435 | 61459435 | 61459435 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21720 | 15 |
| കർഷകതൊഴിലാളി വേതനം | 16744800 | 1107 |
| വിധവ പെൻഷൻ | 13657800 | 887 |
| വാർദ്ധക്യകാല പെൻഷൻ | 42594900 | 2904 |
| വികലാംഗപെൻഷൻ | 6142900 | 396 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 546300 | 34 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2023 തീയതി 3.20 പി.എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 50329/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്ന എ.സി.ആർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്ന നടപടി പുരോഗമിക്കുന്നു. പ്രോജക്റ്റുകളുടെ നിർവ്വഹണവേളയിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ മോണിട്ടർ ചെയ്യുന്നതിന്റെ റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ / തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 12.08.2022 – 16.08.2022 | 1/2022 മുതൽ 03/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2016 – 03.11.2016 | 2011 -12 മുതൽ 2015 -16 വരെ | LBA(HQ)11/8A2520/16 - 17 |

## 1-11 മൊബൈൽ ടവറിന്റെ വസ്തു നികുതി - 7936 രൂപ ഈടാക്കാനവശേഷിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം തിരുവാർപ്പ് പഞ്ചായത്തിന്റെ 15 -ാം വാർഡിലെ 290/A നമ്പരായി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള റിലയൻസ് ടവറിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി 7936/- രൂപ ഒടുക്കുവാനവശേഷിക്കുന്നു. ടി കുടിശ്ശിക തുക ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി കുറവാണെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ന്യൂ ഓപ്പർച്യൂണിറ്റി കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലായി തൊഴിലുടമ സമർപ്പിച്ച പത്രിക പ്രകാരം ചില ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | പ്രതിമാസ ആകെ ശമ്പളം | ഒന്നാം അർദ്ധവർഷത്തിൽ ഈടാക്കിയ തുക | രണ്ടാം അർദ്ധവർഷത്തിൽ ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | സേതു സജീവ് | 16589 | 1000 | 750 | 250 |
| 2 | കമൽരാജ് .കെ | 15695 | 750 | 300 | 450 |
| 3 | ഗോകുൽ ഗോപി | 18456 | 1000 | 750 | 250 |
| 4 | അനുരാജ്. ആർ | 16991 | 1000 | 120 | 880 |
| | | | ആകെ കുറവ് | | 1830 |

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില പാരമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേണുകൾ യഥാസമയം സമർപ്പിച്ച് തൊഴിൽ നികുതി ഒടുക്കുന്നില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഗീതം ആയുർവേദ ക്ലീനിക് | 2 |
| 2 | മണലേൽ ഹോമിയോപതിക് ക്ലീനിക് | 1 |
| 3 | കിളിരൂർ സി.വി.എൻ കളരി ചികിത്സ കേന്ദ്രം | 1 |
| 4 | അൽഷറഫ് ഹെൽത്ത് കെയർ & ലബോറട്ടറീസ് | 1 |
| 5 | സെന്റ് ആന്റണീസ് നാച്ചുറോപതി & യോഗ ക്ലീനിക് | 1 |
| 7 | ബ്രീസ് ഡെന്റൽ ക്ലീനിക് | 2 |
| 8 | മെഡി ലൈഫ് കെയർ | 1 |

3. ഗവ. യു.പി. സ്കൂൾ തിരുവാർപ്പ് എന്ന സ്ഥാപനത്തിലെ സിസിലി.കെ.എൽ എന്ന എൽ പി.സ്കൂൾ ടീച്ചറുടെ മാസ വരുമാനം 39055 രൂപയാണെന്ന് വരുമാനപത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 600 രൂപ മാത്രമാണ് രണ്ടാം അർദ്ധവർഷ നികുതിയായി ഈടാക്കിയിട്ടുള്ളത്. അർദ്ധവാർഷിക വരുമാനം 125000 രൂപയിൽ അധികരിക്കുന്നതിനാൽ 1250 രൂപ തൊഴിൽനികുതി ഈടാക്കുന്നതിന് പകരം 600 രൂപ ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല.

4. ഒളിമ്പ്യാ എൻജിനീയറിംഗ് & സ്റ്റീൽ ഫാബ്രിക്കേഷൻ എന്ന സ്ഥാപനത്തിന്റെ രണ്ടാം അർദ്ധവർഷത്തെ സ്ഥാപനതൊഴിൽ നികുതിയിനത്തിൽ 1250 രൂപ ഒടുക്കുവാനവശേഷിക്കുന്നു.

ടി അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/13.01.2023) ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതിനും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ ലൈസൻസ് ഫീസ് പിരിവിലെ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനോടൊപ്പം മോട്ടോർ ഫീസ് ഈടാക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഉടമയുടെ പേരും വിലാസവും | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി |
|---|---|---|---|
| 1 | ഗ്ലോബൽ അലൂമിനിയം ട്രേഡേഴ്സ് 17/495 | ഷാജി എബ്രഹാം കുന്നത്തിൽ ചെങ്ങളം സൗത്ത് | 5HP |
| 2 | തോംസൺ പേപ്പർ പ്രോഡക്ട്സ് | സാജൻ കുരുവിള വാങ്ങാമറ്റം ചെങ്ങളം സൗത്ത് | 4 HP |
| 3 | കെ.എം. ഫുഡ് പ്രോഡക്ട്സ് 5/98 A | നസ്രത്ത് കെ.എം അറുപതിൽ കലയങ്കേരിൽ കുമ്മനം പി.ഒ | യന്ത്രം ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുതിരശക്തി രേഖപ്പെടുത്തിയിട്ടില്ല. |
| 4 | റീമാസ് കളപ്പുര ഓയിൽ മിൽ 18/372 B | റെസ്റ്റിൻ.കെ.മാത്യു കളപ്പുരത്തറ കാഞ്ഞിരം | 10HP |

2. ചില സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കുന്നതിൽ കുറവുള്ളതായി കാണുന്നു. യന്ത്രത്തിന്റെ (വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന) കുതിരശക്തിക്ക് ആനുപാതികമായ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഉടമയുടെ പേരും വിലാസവും | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന മോട്ടോർ ഫീസ് | ഈടാക്കിയ മോട്ടോർ ഫീസ് |
|---|---|---|---|---|---|
| 1 | മാരുതി റബ്ബർ പ്രോഡക്ട്സ് 17/426 | പുന്നൻ ജോസഫ് മുറിയാനിക്കൽ ചെങ്ങളം | 60 HP | 1000 | 500 |

| | | | | | |
|---|---|---|---|---|---|
| | | സൗത്ത് | | | |
| 2 | മുറിയാനിക്കൽ റബ്ബർ ഇൻഡസ്ട്രീസ് 9/287 | തരുൺ റോയ് മുറിയാനിക്കൽ കിളിരൂർ | 60 HP | 1000 | 500 |
| 3 | സായൂജ്യ കറി പൗഡർ യൂണിറ്റ് 10/408A | ജയലക്ഷ്മി കെ.ആർ കാരിശ്ശേരിൽ കിളിരൂർ നോർത്ത് | 10 HP | 100 | 50 |
| 4 | ഭാരത് ബ്രിക്സ് 6/57A | മുഹമ്മദ് ഷാ മടവൂർ കിളിരൂർ നോർത്ത് | 10 HP | 100 | 50 |
| 5 | കെ.എസ്സ് ബ്രിക്സ് 5/408 | കുഞ്ഞമ്മ സോമൻ വാഴേമാലിയിൽ കുമ്മനം പി.ഒ | 7 HP | 100 | 50 |
| 6 | സെന്റ് തോമസ് ഫ്ലവർമിൽ 16/119 | സിറിയക് ജോർജ്ജ് കളത്തിപറമ്പ് തിരുവാർപ്പ് | 10 HP | 100 | 50 |
| 7 | | വി.സി.ഷാജി പടിഞ്ഞാറേ മണ്ണൂർ ചെങ്ങളം സൗത്ത് | 7.5 HP | 100 | 50 |

3. ഇറച്ചിക്കോഴി വ്യാപാരത്തിനുള്ള സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് - കശാപ്പുശാലകളും ഇറച്ചിക്കടകളും - ചട്ടം 35 പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. ടി ചട്ടപ്രകാരം നിലവിലുള്ള ഒരു കശാപ്പുശാലയുടെ ലൈസൻസ് ഫീസ് കുറഞ്ഞത് 500 രൂപയും പുതിയ ഒരു കശാപ്പുശാലയുടെ ലൈസൻസ് ഫീസ് 300 രൂപയുമായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഉടമയുടെ പേരും വിലാസവും | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | എ.എസ്. കോഴിക്കട 6/137 A | ഷാജി.കെ.എ കാട്ടുപ്പാടം ഹൗസ് അയ്മനം പി.ഒ | 200 |
| 2 | അൽ അമീൻ ഹലാൽ ഫ്രഷ് | ഹബീബ് എം.ആർ | 100 |

| | | | |
|---|---|---|---|
| | ചിക്കൻ സെന്റർ 10/322A | ആമിന മൻസിൽ കിളിരൂർ നോർത്ത് | |

ടി അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/ 12.01.2023) മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കുന്നതിനും മോട്ടോർ ഫീസ് കുറവായി ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തുക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇറച്ചിക്കോഴി വ്യാപാരം നടത്തുന്ന സ്ഥാപനത്തിനുള്ള ലൈസൻസ് അനുവദിച്ചതിൽ ചൂണ്ടിക്കാട്ടിയ അപാകതയ്ക്ക് വ്യാപാരത്തിന് മാത്രമാണ് മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ടി വിവരം അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുമ്പോൾ അവിടെ കശാപ്പുശാലകൾ പ്രവർത്തിക്കുന്നില്ലായെന്ന് ലൈസൻസ് അനുവദിക്കുന്നതിന് മുൻപായി ഉറപ്പാക്കേണ്ടതും ടി വിവരം അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

### 1-14 പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി പ്രോജക്ടുകളുടെ നിർവ്വഹണം- നിർവ്വഹണോദ്യോഗസ്ഥനെ നിശ്ചയിച്ചതിൽ സർക്കാർനിർദ്ദേശം കണക്കിലെടുത്തില്ല

പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതിയിലെ ഭവനനിർമ്മാണം, വീട്പുനരുദ്ധാരണം, സ്ഥലം വാങ്ങൽ, ശുചിത്വപ്രോജക്ടുകൾ മുതലായവയുടെ നിർവ്വഹണചുമതല വി.ഇ.ഒയ്ക്കും കാർഷികമേഖലാപ്രോജക്ടുകൾ കൃഷി ഓഫീസർ വിദ്യാഭ്യാസപ്രോജക്ടുകൾ എച്ച്.എം എന്നിങ്ങനെ അതാത് മേഖലകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമായിരിക്കും എന്ന് പദ്ധതിമാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ് (ഖ.3.5.1 ലെ 3(iii) ). തദ്ദേശസ്വയംഭരണവകുപ്പിന്റെ 22-3-14ലെ സ.ഉ (എം.എസ്) നം59/2014പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിമാർ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ എസ്.സി/എസ്.ടി പദ്ധതികളുടെ നിർവ്വഹണം നടത്തുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എസ്.സി.പി ഫണ്ട് വകയിരുത്തിയ ഒരു പ്രോജക്ടിനു മാത്രമാണ് അസി.സെക്രട്ടറിക്ക് നിർവ്വഹണ ചുമതലയുള്ളത്. ആയതിനാൽ എസ്.സി.പി ഫണ്ട് വിനിയോഗിച്ചുള്ള ഇതരപ്രോജക്ടുകളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്ന തരത്തിലേക്ക് ചുമതലാ വിഭജനത്തിൽ മാറ്റം വരുത്തുന്നകാര്യം യുക്തമായ തീരുമാനത്തിനും തുടർനടപടികൾക്കുമായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-15 മെറിറ്റോറിയസ് സ്കോളർഷിപ്പ് സബ്സിഡിയിലധികരിച്ച് തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ, ഗവ. യു.പി സ്കൂൾ

| | |
|---|---|
| പ്രോജകട് | 7/22, SC കുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | 735000(വികസനഫണ്ട് പൊതുവിഭാഗം -128324<br>വികസനഫണ്ട് എസ് സി പി 510698<br>തനത്ഫണ്ട് 95978) |
| ചെലവ് | 685000<br>(വികസനഫണ്ട് പൊതുവിഭാഗം -128324<br>വികസനഫണ്ട് എസ് സി പി -510698<br>തനത്ഫണ്ട് -45978) |

സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാർ ചുമതലപ്പെടുത്തുന്ന ഏജൻസികളോ നടത്തുന്ന കോഴ്സുകളിലേക്ക് പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകാൻ തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. സർക്കാർ ഉത്തരവ് (കൈ) 22/2018/തസ്വഭവ /14.02.2018 ഖണ്ഡിക 7.2.5ൽ സംസ്ഥാനസർക്കാർ/കേന്ദ്രസർക്കാർ നടത്തുന്ന വിവിധ കോഴ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന ധനസഹായതുകയുടെ നിരക്കുകൾ

വ്യക്തമാക്കുന്നുണ്ട്. ഹെഡ് മാസ്റ്റർ, ഗവ. യു.പി സ്കൂൾ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന വിദ്യാർത്ഥിക്ക് രണ്ടു തവണ തുക മാറി നൽകിയതിനാൽ മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന തുകയിലധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | നൽകാവുന്ന സബ്സിഡി | നൽകിയത് | അധികം | ബിൽ നമ്പർ/തുക |
|---|---|---|---|---|---|
| മിഥുൻകുമാർ എൻ കെ നല്ലവാതുക്കൽ വീട് | ബി എസ് സി ഫിസിക്സ്, | 20000 | 40000 | 20000 | 1)6/22.02.2022, 20000/- 2)Xy 5236757/26.02.22, 20000 |

ഇപ്രകാരം 20000രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/10.01.2023) മിഥുൻകുമാർ എൻ കെ എന്ന വിദ്യാർത്ഥിക്ക് അബദ്ധവശാൽ രണ്ടു തവണ തുക നൽകിയെന്നും അധികം നൽകിയ തുകയിൽ 6000രൂപ സ്കൂളിൽ ഏൽപ്പിച്ചിട്ടുണ്ടെന്നും ബാക്കി തുക തിരികെ അടയ്ക്കാമെന്ന് വിദ്യാർത്ഥിയുടെ രക്ഷിതാവ് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വിദ്യാർത്ഥി തിരികെ നൽകിയ 6000രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ആയതിനാൽ അധികം ചെലവഴിച്ച 20000 രൂപ തുക കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. രണ്ടാമത് തുക പിൻവലിച്ചത് തനത് ഫണ്ടിൽ നിന്നായതിനാൽ അധികം പിൻവലിച്ച 20000/- രൂപ തനത് ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഫണ്ട് ലഭ്യമായിരുന്നിട്ടും വേലമൂല്യം പരിമിതപ്പെടുത്തി ബിൽ തയ്യാറാക്കി- പഞ്ചായത്തിന് ഫണ്ട് നഷ്ടം

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 20-21 വർഷം സർക്കാർ ഗ്രാന്റുകൾ ആവിഷ്കരിച്ചതും ഓഡിറ്റ് വർഷം സ്പിൽ ഓവറായി തുടർന്നതുമായ മരാമത്ത് വേലകൾ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആകെ വേലമൂല്യത്തെ അടിസ്ഥാനമാക്കി വർക്ക്ബിൽ തയ്യാറാക്കി ചെലവ് നടത്താതെ 75% തുകയിൽ പരിമിതപ്പെടുത്തി ബിൽ തയ്യാറാക്കിക്കാണുന്നു. 'Due To Lack Of Time' എന്നാണ് ആയതിനുള്ള കാരണമായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ചെയ്യുന്നത് വഴി വേലമൂല്യത്തിന്റെ 25% തുകയും ആയതിന് 12% നിരക്കിൽ കണക്കാക്കേണ്ട ജി.എസ്.റ്റി തുകയും ഉൾപ്പെടെ പ്രോജക്ടിനായി വകയിരുത്തിയ സർക്കാർ ഗ്രാന്റ് തുക പൂർണ്ണമായും ലാപ്സായി. 21-22 വർഷം പ്രസ്തുത പ്രോജക്ടുകൾ സ്പിൽ ഓവറാക്കിയപ്പോൾ വകയിരുത്തിയ ഫണ്ട് തനതുഫണ്ട് ആക്കി മാറ്റം വരുത്തുകയും മുൻവർഷം സർക്കാർ ഗ്രാന്റിൽ നിന്നും നടത്താമായിരുന്ന ചെലവുകൂടി തൻവർഷം തനതുഫണ്ടിൽനിന്നും ക്രമീകരിക്കേണ്ടിവന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ബിൽ പ്രകാരമുള്ള ആകെ മൂല്യം | പരിമിതപ്പെടുത്തിയ മൂല്യം | ജി.എസ്.ററി ഉൾപ്പെടെ തൻവർഷം ചെലവഴിക്കാതിരുന്ന തുക | 21-22വർഷം ചെലവഴിക്കേണ്ടി വന്ന തുക |
|---|---|---|---|---|---|
| 163/22വാഴത്തറ പഞ്ചായത്ത് പാലം റോഡ് റീടാറിംഗ് | | 5,08,497 | 380000 | 1,43,917 | തനതുഫണ്ട്-43,917/- സി.എഫ്.സി-100000/- |
| 164/22കടത്തുകടവ് കൊട്ടാരത്തിൽ റോഡ് ടാറിംഗ് | 24-3-21 | 5,40,333 | 405000 | 1,51573 | തനതുഫണ്ട്-90573 സി.എഫ്.സി-61000 |

| | | | | | |
|---|---|---|---|---|---|
| 113/22താമരശ്ശേരി കമ്മ്യൂണിറ്റി ഹാളിൽ ശൗചാലയം | 23-3-22 | 2,06,655 | 1,54,787 | 58,092/- | 1-ാം പാർട്ട് ബിൽ |
| ,, | 21-11-22 | 110476 | 76639 | 37,897/- | ഫൈനൽ ബിൽ രണ്ട് പാർട്ട്ബില്ലുകളിലും തുക പരിമിതപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത് |
| 165/22കിഴക്കേച്ചിറ നടുവിലേച്ചിറ റോഡ് ടാറിംഗ് | 24-3-21 | 507764 | 380000 | 1,43,096 | 21-22ൽ തനതുഫണ്ടിൽനിന്നും 43096/-രൂപയും സി.എഫ്.സി. 100000/-രൂപയും സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. |
| 87/22 വിവിധ അങ്കനവാടികളുടെ മെയിന്റനൻസ് ഗ്രാന്റ് | 8-2-22 | 6,98,430 | 5,17,783 | 2,02,325 | തുക ലഭ്യമായ ബാക്കി വിഹിതമായ 90083/-രൂപ യിൽ പരിമിതപ്പെടുത്തി 22-23വർഷത്തെ അലോട്ട്മെന്റിൽ നിന്നും പ്രോജക്ട്പ്രകാരം ചെലവഴിച്ചു. |

മേൽവിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന്

(18/11-1-23) ലഭ്യമാക്കിയ മറുപടിയിൽ അസി.എക്സിക്യൂട്ടീവ് എൻജിനീയർ മുൻപാകെ ചെക്ക്മെഷർമെന്റിനായി സമർപ്പിച്ചിരുന്നുവെങ്കിലും വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള വർക്ക്ബില്ലുകളുടെ ആധിക്യവും ബില്ലുകൾ നിശ്ചിത സമയത്തിനുള്ളിൽ ട്രഷറിയിൽ സമർപ്പിക്കേണ്ടതിനാലും വിശദമായ പരിശോധനയ്ക്ക് സമയപരിമിതി ഉള്ളതിനാൽ ആകെ ബിൽതുകയുടെ 75% ൽ പരിമിതപ്പെടുത്തി ബിൽതുക അനുവദിച്ച് നൽകുകയായിരുന്നുവെന്നും ആയതനുസരിച്ചാണ് പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയിട്ടുള്ളതെന്നും ടി പ്രവൃത്തികൾ പിന്നീട് 22-23വർഷം സ്പിൽ ഓവറാക്കി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും വിശദീകരണം നൽകുകയുണ്ടായി. പ്രവൃത്തി ഇനങ്ങൾ എല്ലാം പൂർത്തീകരിച്ച് മെഷർമെന്റും എടുത്തിരുന്ന പ്രവൃത്തികളുടെ ബിൽ യഥാസമയം തയ്യാറാക്കിചെലവ് നടത്തുക എന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. തുക പൂർണ്ണമായും നൽകാതെ ബാക്കി നൽകാനുള്ള തുക അനുവദിക്കുന്നതിനായി മാത്രമാണ് പ്രോജക്റ്റുകൾ സ്പിൽ ഓവറാക്കിയിട്ടുള്ളതും. ആയതിനാൽ മറുപടിയിലെ വിശദീകരണം അംഗീകരിക്കാവുന്നതല്ല. വേലമൂല്യം പരിമിതപ്പെടുത്തി ബിൽതുക അനുവദിച്ചതുവഴി തൻവർഷത്തെ ഫണ്ട് നഷ്ടമായി എന്നുമാത്രമല്ല അടുത്തവർഷം തനതുഫണ്ട് വകയിരുത്തിയത് കാരണം തനതുവരുമാനം കുറവായ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് വരുമാനവും നഷ്ടമായ സാഹചര്യമുണ്ടായി.

പഞ്ചായത്തിന് ഫണ്ട്നഷ്ടം വരുന്നതരത്തിലുള്ള മേൽ അപാകതകൾ കർശനമായും ഒഴിവാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയും മേൽനോട്ടവും

ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

1-17 കരാർ വച്ച് രണ്ട് വർഷമായിട്ടും പ്രോജക്ട്നിർവ്വഹണം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട്നമ്പർ | 103/22 ( 138/21) |
| അടങ്കൽ | 100000/-(സംരക്ഷണഗ്രാന്റ്-നോൺറോഡ്) |
| കരാറുകാരൻ | വിഷ്ണു.പി.എസ് |
| കരാർതീയതി | 20-2-21 |

13-ാം വാർഡിൽ അലരിക്കൽ അങ്കനവാടിക്ക് ചുറ്റുമതിൽ നിർമ്മാണത്തിനായി 20-21 വർഷം റോഡിതരമെയിന്റൻസ് ഗ്രാന്റ് വകയിരുത്തി പ്രോജക്ട് ആവിഷ്ക്കരിക്കുകയും എസ്റ്റിമേറ്റ് റേറ്റിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധത അറിയിച്ച് ക്വട്ടേഷൻ സമർപ്പിച്ച ശ്രീ.വിഷ്ണു.പി.എസ്., പരീച്ചിറയിൽ എന്ന കരാറുകാരനുമായി 20-02-21 ൽ കരാർ വച്ചതായും അതേ തീയതിയിൽ തന്നെ ടിയാൾ പ്രവൃത്തിനിർവ്വഹണത്തിനായി സ്ഥലം ഏറ്റെടുത്തതായും കാണുന്നു. 21-22വർഷം സ്പിൽ ഓവറായി പ്രോജക്ടിന് അംഗീകാരം ലഭിച്ചെങ്കിലും ഓഡിറ്റ് തീയതിവരെ പ്രവൃത്തി ആരംഭിച്ചതായി കാണുന്നില്ല 22-23 വർഷം സ്പിൽ ഓവറായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുമില്ല. മേൽഅപാകത സംബന്ധിച്ച് രേഖാമൂലമുള്ള വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ( നമ്പർ-20/12-1-22 ) ചുറ്റുമതിൽ നിർമ്മാണം എസ്റ്റിമേറ്റ്പ്രകാരം പൈപ്പുകൾ ഉപയോഗിച്ച് നിർമ്മിക്കേണ്ടതിനാൽ പൈപ്പുകളുടെ മാർക്കറ്റ് റേറ്റ് വളരെകൂടുതലാണെന്ന് കാണിച്ച് കരാറുകാരൻ പിൻമാറുകയായിരുന്നുവെന്നും പിന്നീട് പ്രവൃത്തി സ്പിൽഓവറിൽ ഉൾപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നെങ്കിലും 22-23-ൽ സ്പിൽഓവറായി പ്രോജക്ട് ഉൾപ്പെടുത്തുകയുണ്ടായില്ല എന്നും മറുപടി ലഭ്യമാക്കി.
പ്രസ്തുത അങ്കനവാടിക്ക് ചുറ്റുമതിൽനിർമ്മിക്കുന്നതിനുള്ള പ്രോജക്ട് തൊട്ടടുത്ത വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിലേക്ക് പ്രസ്തുത വിഷയം വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-18 ജി.എസ്.റ്റി.കോമ്പൻസേഷൻതുക അധികനിരക്കിൽ ഉൾപ്പെടുത്തി ബിൽ തയ്യാറാക്കി

| | |
|---|---|
| പ്രോജക്ട് | 113/22 (34/20-21) താമരശ്ശേരിൽ കമ്മ്യൂണിറ്റിഹാളിൽ പൊതുശൗചാലയം |
| അടങ്കൽ | 250000 ( സി.എഫ്.സി.ഗ്രാന്റ്)<br>50000( കേന്ദ്രാവിഷ്കൃതഫണ്ട്)<br>300000 |
| ചെലവ് | 173361 ( സി.എഫ്.സി.ഗ്രാന്റ്) |
| ബിൽനമ്പർ | 14/ 30-3-22 |
| കരാറുകാരൻ | ഷാജിൻപീറ്റർ |

11-ാം വാർഡിൽ താമരശ്ശേരി കമ്മ്യൂണിറ്റിഹാളിൽ പൊതുശൗചാലയംനിർമ്മിക്കുന്നതിനുവേണ്ടി 20-21 വർഷം പൊതുവിഭാഗം വികസനഫണ്ടും സി.എഫ്.സി ഗ്രാന്റ് തുകയുമായി ആകെ 300000/-രൂപ വകയിരുത്തി ആവിഷ്കരിച്ചതാണ് മേൽപ്രോജക്ട്. 20-21- ൽ പ്രോജക്ട് നടപ്പായില്ല 21-22വർഷം വകയിരുത്തിയ ഫണ്ടിൽ ചുവടെ ചേർക്കുംപ്രകാരം മാറ്റം വരുത്തിയാണ് സ്പിൽഓവർ പ്രോജക്ട് തയ്യാറാക്കിയത്. 21-22-ൽ എസ്റ്റിമേറ്റ്പ്രകാരമുള്ള പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ച് ആകെ മൂല്യം 206655/-രൂപയെന്ന് നിർണ്ണയിച്ചെങ്കിലും 75% തുകയിൽ പരിമിതപ്പെടുത്തിയാണ് ( 154787.47/-) ബിൽതയ്യാറാക്കിയിട്ടുള്ളത്. ബിൽതയ്യാറാക്കിയപ്പോൾ വേലമൂല്യത്തൊടൊപ്പം ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ 12% തുക അനുവദിക്കാമെന്നിരിക്കെ ഫൈനൽബിൽ തയ്യാറാക്കിയപ്പോൾ 18% ഉൾപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1-ാം പാർട്ട് ബിൽ

| | യഥാർത്ഥചെലവ് (അർഹമായത്) | കണക്കാക്കിയ തുക (നൽകിയത്) |
|---|---|---|

| | | |
|---|---|---|
| പരിമിതപ്പെടുത്തിയ ആകെ മൂല്യം | 154787. | 154787. |
| ജി.എസ്.റ്റി | 18574.49 | 18754 |
| ആകെ | 173361 | 173361 |
| റിക്കവറികൾ<br>IT- 1548<br>CWWF - 1548<br>CGST -1548<br>SGST -1548<br>Retension- 3870<br>(2.5%) 10062 | 10062 | 10062 |
| കരാറുകാരന് അർഹമായതുക | 163299 | 163299 |
| ഫൈനൽബിൽ | | |
| ആകെ മൂല്യം | 265263 | 265263 |
| (-) 1 പാർട്ട് ബിൽ | 154787 | 154787 |
| ബാക്കി | 110476 | 110476 |
| ജി.എസ്.റ്റി (12%) | 13257 | 19886(ജിഎസ് റ്റി 18%) |
| ആകെ | 1,23,733 | 1,30,362 |
| റിക്കവറികൾ<br>IT -1105<br>CWWF -1105<br>CGST - 1105<br>SGST -1105<br>Fine -2675<br>7095 | 7095 | 7095 |
| കരാറുകാരനർഹമായതുക | 1,16,638 | 1,23,267 |

പ്രസ്തുത തുക തൻവർഷം കരാറുകാരന് അനുവദിച്ചിട്ടില്ല. ബിൽ തയ്യാറാക്കിയതനുസരിച്ച് റിടെൻഷൻതുക ഉൾപ്പെടെ ആകെ 127,137/-രൂപ കരാറുകാരന് അനുവദിക്കേണ്ടതുണ്ട്. (123137+ 3870) തുക അനുവദിക്കുന്നതിനായി 22-23 വർഷം സ്പിൽ ഓവർപ്രോജക്ട് പ്രകാരം സ്.എഫ്.സി.ഗ്രാന്റ് തുക 76639/-രൂപയും കേന്ദ്രാവിഷ്കൃതഫണ്ട് 50000/-രൂപയും വകയിരുത്തുകയും 50000/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിതുക ഓഡിറ്റ് തീയതിവരെ അനുവദിച്ചിട്ടില്ല. 18% ജി.എസ്.റ്റി ഫൈനൽബില്ലിൽ ഉൾപ്പെടുത്തിയതുവഴി ആകെ ചെലവ് പ്രോജക്റ്റിന് വകയിരുത്തിയ തുകയേക്കാൾ അധികരിക്കുന്ന സാഹചര്യവും നിലനിൽക്കുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/11.01.2023) ലഭ്യമാക്കിയ മറുപടിയിൽ ജി.ഒ (പി )നം 82/2022 /Taxes Dt.18/7/22 മുൻപ് 12% ഉൾപ്പെടുത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ഏറ്റെടുത്ത് ഭാഗികമായി നിർവ്വഹണം പൂർത്തിയാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പാർട്ട്ബിൽ തയ്യാറാക്കി പേമെന്റ് തീയതി 18-7-22 ന ശേഷമാണ് വരുന്നതെങ്കിൽ പുതുക്കിയ ഉയർന്നനികുതിനിരക്ക് (18%) നൽകാവുന്നതാണെന്ന ഉത്തരവനുസരിച്ചാണ് 18% ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഈ പ്രവൃത്തി 31-3-22 ന മുൻപ് പൂർത്തീകരിച്ചിരുന്നതും വേലമൂല്യം പരിമിതപ്പെടുത്തി ബിൽ തയ്യാറാക്കിയതുകാരണം ബാലൻസ് നിന്ന തുകയിന്മേലാണ് ഇപ്രകാരം അധികനിരക്കിൽ ജി.എസ്.റ്റി കണക്കാക്കേണ്ടിവന്നത് എന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ബാലൻസുണ്ടായിരുന്ന 1,10,476 തുകയ്ക്ക് 12% നിരക്കിൽ ജി.എസ്.റ്റി ഉൾപ്പെടുത്തി ബിൽതുക ക്രമീകരിച്ച് ആകെ പ്രോജക്ട് ചെലവ്

കണക്കാക്കുന്നതിനും ആയതനുസരിച്ച്മാത്രം കരാറുകാരന് ബാക്കി തുക അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നമ്പർ 72/22- കന്നുകുട്ടി പരിപാലനപദ്ധതി പ്രകാരം 2021-22 വർഷം വികസന ഫണ്ടിൽ നിന്ന് 250000/- രൂപ (ബിൽ നമ്പർ 182 തീയതി - 18/01/2022 ) പിൻവലിച്ച് 40 കിടാരികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം -ന്റെ പേർക്ക് കൈമാറി നൽകിയിട്ടുണ്ട്. പ്രോജക്റ്റ് പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവഴിച്ച 250000/- രൂപ തടസ്സപ്പെടുത്തുന്നു.

1-20 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

| | പ്രാഥമികാരോഗ്യകേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ |
|---|---|
| പ്രോജക്റ്റ് നമ്പർ | 14/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 200000/- |
| ചെലവ് | 1,99,944/- |
| ബിൽ നം./തീയതി | 01/21-22, 18.10.2021 |

പ്രാഥമികാരോഗ്യകേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മേൽ പ്രോജക്റ്റ്പ്രകാരം റോഡിതരസംരക്ഷണഗ്രാന്റിൽനിന്നും മേൽപ്പറഞ്ഞപ്രകാരം 1,99,944/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലിൽ 3334/- രൂപയുടെ ചെലവുരേഖകൾ മാത്രമേ സൂക്ഷിച്ചിരുന്നുള്ളൂ. 196610 രൂപയുടെ (1,99,944-3334) ചെലവ് രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ 10.01.2023-ലെ 12-ാം നമ്പർ എൻക്വയറിക്ക് മറുപടിയായി 133454/- രൂപയുടെ ചെലവ് വിശദാംശങ്ങൾ കൂടി പരിശോധനയ്ക്ക് ഹാജരാക്കി. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള 136788/-രൂപ കിഴിച്ച് ബാക്കി 63156/- രൂപയുടെ മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 63156/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-21 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘീകരണം കരാറിലേർപ്പെടാതെ തുക കൈമാറി

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിക്കായി നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റനുസരിച്ചുള്ള തുക അടവാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | തുക ഡെപ്പോസിറ്റ്ചെയ്തിട്ടുള്ള സ്ഥാപനം | കൈമാറിയ തുക | ബിൽ നമ്പർ, തുക |
|---|---|---|---|
| 175/22 1,6,13 വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി കോട്ടയം ഡിവിഷൻ | 2103850(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 226/23.02.22 , 1393700<br>311/24.03.22, 710150 |

പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടില്ല. പ്രവർത്തി പൂർത്തികരിച്ചതായി ഫയലിൽ വ്യക്തമല്ല. നിയമാനുസരണം കരാർ ചമയ്ക്കാതെ

നിർവ്വഹണ ഏജൻസിക്ക് തുക കൈമാറിയതു സംബന്ധിച്ചും മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/10/01/2023), ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 2103850 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 പഞ്ചായത്ത് കോമ്പൗണ്ടിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - നിർമ്മാണം പൂർത്തീകരിച്ചെങ്കിലും യൂണിറ്റുകൾ പ്രവർത്തനക്ഷമമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 148/22, പഞ്ചായത്ത് കോമ്പൗണ്ടിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 250000 |
| ബിൽ നം.202/1/2/22 | |
| അടങ്കൽ | 250000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

പഞ്ചായത്ത് കോമ്പൗണ്ടിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണത്തിനായി 250000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണ ഏജൻസിയായ IRTC ക്ക് നൽകിയിട്ടുണ്ട് പ്രോജക്ട് പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലെന്ന് ബോധ്യപ്പെട്ടു. ഇനോക്കുലം ഉപയോഗിച്ച് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി ജൈവവളം നിർമ്മിയ്ക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേക്ഷണക്കുറിപ്പിന് (നം6/10.01.23)ഭക്ഷണാവശിഷ്ടങ്ങൾ വേണ്ടത്ര ഇല്ലാത്തതിനാൽ ഇനോക്കുലം ഉപയോഗിച്ചെങ്കിലും കമ്പോസ്റ്റായി മാറാത്തതിനെ തുടർന്ന് പച്ചചാണകം കൂടി ഉപയോഗിച്ച് മാലിന്യസംസ്കരണം പൂർണ്ണരീതിയിൽ ആക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാൽ കാലപ്പഴക്കത്താൽ ഇനോക്കുലം ഉപയോഗശൂന്യമാകുന്നതാണ്. യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാനും മാലിന്യസംസ്കരണം ഫലപ്രദമാക്കാനും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 വയോക്ലബ് -പ്രവർത്തനമാരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 80/21-22 |
| അടങ്കൽ | 19175 |
| ചെലവ് | 19175 |
| ബിൽനമ്പർ | 20/24-3-22 |

വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും വിനോദത്തിനുമായി ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി ആവിഷ്കരിച്ച വയോക്ലബ് എന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി KADCO-യിൽനിന്നും 25 എണ്ണം കസേരകൾ വാങ്ങിയ ഇനത്തിൽ വികസനഫണ്ടിൽനിന്നും 19175/-രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. വയോക്ലബ് ആരംഭിക്കുന്നതിന്റെ ഭാഗമായി 11-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം അറ്റകുറ്റപ്പണികൾക്കായി ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നതായും ( 29-9-21-ലെ അജണ്ട-10, തീരുമാനം 1) കാണുന്നു. എന്നാൽ തുടർനടപടികളുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ബ്ലോക്ക്പഞ്ചായത്തിന്റെ അനുമതി ലഭ്യമായി കെട്ടിടം അറ്റകുറ്റപ്പണി നടത്തി വയോക്ലബ് പ്രവർത്തിക്കുന്നതിന് സജ്ജമാക്കിയിരുന്നോയെന്നും വയോക്ലബിന്റെ പ്രവർത്തനം എപ്രകാരമാണെന്നുമുള്ള വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാങ്ങിയ

കസേരകൾ സ്റ്റോക്കിലെടുത്തതിന്റേയും ,KADCO-യുമായുള്ള കരാർ രേഖകളും ലഭ്യമാക്കേണ്ടതുമാണ്.

സ്ഥലം ആസ്തിയിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പ് ആയിട്ടുള്ളതിനാൽ ആസ്തികൾ വിട്ടുകിട്ടേണ്ടതില്ല എന്ന് വിശദീകരണം നൽകുകയുണ്ടായി. 12-1-23-ൽ സ്ഥലം സന്ദർശിച്ചതിൽ ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലവിലുണ്ടായിരുന്ന പഴയ കെട്ടിടത്തിന്റെ നവീകരണ/ വിപുലീകരണ പ്രവൃത്തികൾ ബ്ലോക്കിന്റെ വാർഷികപദ്ധതിയിൽപ്പെടുത്തി നടന്നുവരുന്നതായി കണ്ടു. പ്രോജക്ട് പ്രകാരം വാങ്ങിയ കസേരകൾ സൂക്ഷിച്ചിട്ടുണ്ട്. വയോക്ലബിനായി കെട്ടിടം സജ്ജമാകുന്നതിന് മുൻപ് പ്രോജക്ട്പ്രകാരം വാങ്ങിയ കസേരകൾ സ്റ്റോക്കിലെടുക്കാത്തതും സ്ഥാപനവുമായി കരാർ വയ്ക്കാത്തതും സംബന്ധിച്ച് ഐസിഡിഎസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികപദ്ധതി പ്രകാരമുള്ള പണികൾ അടിയന്തിരമായി പൂർത്തീകരിച്ച് ലഭിക്കുന്നതിനും കെട്ടിടം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വയോക്ലബിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ഉറപ്പുവരുത്തി ഗ്രാമപഞ്ചായത്തിലെ വൃദ്ധജനങ്ങളുടെ ക്ഷേമവും വിനോദവും ലക്ഷ്യമാക്കി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ട് യാഥാർത്ഥ്യമാകുന്നതിനുമുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്. വിഷയം ഭരണസമിതിയുടേയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയിൽപെടുത്തുന്നു.

## 1-24 വിവിധ സ്ഥാപനങ്ങളിലേക്ക് തുക കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

| ക്രമ നമ്പർ | പ്രോജക്ട് | ചെലവ്/ തുക രൂ | ബിൽ നമ്പർ/തീയതി | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | 140/22ഡി പി സി കെട്ടിടനിർമ്മാണം-പഞ്ചായത്ത് വിഹിതം നൽകൽ- | 200000 | 346/30.03.22 | ജില്ലാ പ്ലാനിങ്ങ് ഓഫീസർ |
| 2 | 4/22 സമഗ്ര ശിക്ഷാ കേരളം | 569200 | 4/28.05.21 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എസ് എസ് കെ |
| 3 | 6/22 ഐ കെ എം വിഹിതം നൽകൽ | 85000 | 216/15.02.2022 | ഐ കെ എം, തിരുവനന്തപുരം |

മേൽ പ്രോജക്ടുകൾ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം.11/10.01.2023) സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവഴിച്ച 854200രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 മഴക്കാല പൂർവ്വ ശുചീകരണം സമയബന്ധിതമായി നടപ്പാക്കുന്നില്ല.

| വൗച്ചർ നം.തീയതി | തുക |
|---|---|
| 22100225/10.06.2021 | 180000 |

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു വാർഡിന് 10,000/- എന്ന നിലയിൽ 18വാർഡുകളിലേയ്ക്കായി 1,80,000/- രൂപ നൽകിയിട്ടുണ്ട്. തെക്ക് പടിഞ്ഞാറൻ മൺസൂൺ ആരംഭിക്കുന്ന ജൂൺ മാസത്തിന് മുൻപായി നടപ്പിലാക്കേണ്ട ഈ പ്രോജക്ട് അങ്ങിനെ നടപ്പാക്കുന്നില്ല എന്ന് മാത്രമല്ല തുക ജൂൺ മാസത്തിൽ മുഴുവൻ വാർഡുകളിലേയും കൺവീനർമാർക്ക് ലഭിച്ച് മാസങ്ങൾക്കു ശേഷം തുക പിൻവലിച്ചതായും ചെലവഴിച്ചതായും കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 10.01.2023 -ലെ

16- ാം നമ്പർ എൻക്വയറിയ്ക്ക് മറുപടി ആയി ബാക്കി പാസ്സ് ബുക്കുകൾ ഹാജരാക്കി. മഴക്കാല പൂർവ്വ ശുചീകരണത്തിനായി ബാക്കി 18 വാർഡുകളിലേയ്ക്ക് നൽകിയ തുകയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ തുക നൽകി മാസങ്ങൾക്കുശേഷം ചെലവഴിക്കുന്നതായാണ് കാണുന്നത്. വാർഡ് 4,3,18 എന്നീ വാർഡുകളിലെ പാസ്സ് ബുക്കുകൾ കാലികമാക്കി ഹാജരാക്കിയിട്ടില്ല. 11-ാം വാർഡിൽ നൽകിയ തുക 10/2021 ലാണ് പിൻവലിച്ചിട്ടുള്ളത്. ബാക്കി വാർഡുകളിൽ 8/21, 7/21 എന്നീ മാസങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളത്. വാർഡുകളിലെ ചെലവുരേഖകൾ പരിശോധിച്ചതിൽ ഒരു വാർഡിൽ പോലും തന്മാസം തുക പിൻവലിച്ച് ശുചീകരണ പ്രവർത്തനം നടത്തിയതായി കാണുന്നില്ല. മഴക്കാല പൂർവ്വ ശുചീകരണം സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-26 കോവിഡ് അവലോകനം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ 2021- 22 കാലയളവിൽ കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഡൊമിസിലറി കെയർ സെന്റർ/സി.എഫ്.എൽ.റ്റി.സി എന്നിവയുടെ നടത്തിപ്പിനായി ഓഡിറ്റ് കാലയളവ് വരെ ഗ്രാമപഞ്ചായത്ത് നൽകിയ രേഖകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും 7,80,134/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും 29/04/2020 -തീയതിയിലെ ഡി.എം.1- 6182/2020-ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭ്യമായ അഡ്വാൻസ് തുക 3,00,000/-രൂപയും 31.03.2022 ലെ ഡി.എം.1-6182/2020(2) നമ്പർ ഉത്തരവ് പ്രകാരം തിരികെ ലഭ്യമായ 2,88,391 രൂപയും ഉൾപ്പെടെ ആകെ 5,88,391/-രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ബാക്കി 1,91,743/- രൂപ ലഭിക്കാനുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മെറിറ്റോറിയസ് സ്കോളർഷിപ്പ് സബ്സിഡിയിലധികരിച്ച് തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ, ഗവ. യു.പി സ്കൂൾ

| | |
|---|---|
| പ്രോജകട് | 7/22, SC കുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | 735000(വികസനഫണ്ട് പൊതുവിഭാഗം -128324<br>വികസനഫണ്ട് എസ് സി പി 510698<br>തനത്ഫണ്ട് 95978) |
| ചെലവ് | 685000<br>(വികസനഫണ്ട് പൊതുവിഭാഗം -128324<br>വികസനഫണ്ട് എസ് സി പി -510698<br>തനത്ഫണ്ട് -45978) |

സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാർ ചുമതലപ്പെടുത്തുന്ന ഏജൻസികളോ നടത്തുന്ന കോഴ്സുകളിലേക്ക് പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകാൻ തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. സർക്കാർ ഉത്തരവ് (കൈ) 22/2018/തസ്വഭവ /14.02.2018 ഖണ്ഡിക 7.2.5ൽ സംസ്ഥാനസർക്കാർ/കേന്ദ്രസർക്കാർ നടത്തുന്ന വിവിധ കോഴ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന ധനസഹായതുകയുടെ നിരക്കുകൾ

വ്യക്തമാക്കുന്നുണ്ട്. ഹെഡ് മാസ്റ്റർ, ഗവ. യു.പി സ്കൂൾ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന വിദ്യാർത്ഥിക്ക് രണ്ടു തവണ തുക മാറി നൽകിയതിനാൽ മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന തുകയിലധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | നൽകാവുന്ന സബ്സിഡി | നൽകിയത് | അധികം | ബിൽ നമ്പർ/തുക |
|---|---|---|---|---|---|
| മിഥുൻകുമാർ എൻ കെ നല്ലവാതുക്കൽ വീട് | ബി എസ് സി ഫിസിക്സ്, | 20000 | 40000 | 20000 | 1)6/22.02.2022, 20000/- 2)Xy 5236757/26.02.22, 20000 |

ഇപ്രകാരം 20000രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/10.01.2023) മിഥുൻകുമാർ എൻ കെ എന്ന വിദ്യാർത്ഥിക്ക് അബദ്ധവശാൽ രണ്ടു തവണ തുക നൽകിയെന്നും അധികം നൽകിയ തുകയിൽ 6000രൂപ സ്കൂളിൽ ഏൽപ്പിച്ചിട്ടുണ്ടെന്നും ബാക്കി തുക തിരികെ അടയ്ക്കാമെന്ന് വിദ്യാർത്ഥിയുടെ രക്ഷിതാവ് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വിദ്യാർത്ഥി തിരികെ നൽകിയ 6000രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ആയതിനാൽ അധികം ചെലവഴിച്ച 20000 രൂപ തുക കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. രണ്ടാമത് തുക പിൻവലിച്ചത് തനത് ഫണ്ടിൽ നിന്നായതിനാൽ അധികം പിൻവലിച്ച 20000/- രൂപ തനത് ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 06/06/2022 ലെ 4(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് 01.08.2022 ൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 12/01/2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 ൽ സംയുക്ത പ്രോജക്ടിനായി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്ത് | 880000 | 8/22 ലൈഫ് മിഷൻ പദ്ധതി | 880000 | 0 |
| ,, | 403050 | 20/22 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തകളും | 403050 | 0 |

| | | | | |
|---|---|---|---|---|
| | | ഉല്ലാസയാത്രകളും | | |
| ആകെ | 1283050 | | 1283050 | |
| കോട്ടയം ജില്ല പഞ്ചായത്ത് | 573763 | 19/22 അനുപൂരക, പോഷകാഹാര വിതരണപദ്ധതി | 573763 | 0 |
| | 1400000 | 8/22 ലൈഫ് മിഷൻ പദ്ധതി | 1400000 | 0 |
| ,, | 426250 | 20/22ഭിന്ന ശേഷിയുള്ളവർക്ക് ഉല്ലാസയാത്രയും ബത്തകളും സ്കോളർഷിപ്പും | 426250 | 0 |
| ,, | 225000 | 12/22 ലൈഫ് മിഷൻ പദ്ധതി പട്ടികജാതി വിഭാഗം | 225000 | 0 |
| | 300000 | 101/22 കോവിഡ് 19 പ്രതിരോധം അനുബന്ധപ്രവർത്തനങ്ങൾ | 300000 | 0 |
| ആകെ | 2925013 | | 2925013 | |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും, വാട്ടർ അതോറിറ്റിയിലും തുക ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ട് | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|
| 172/22, പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 71423 (തനത് ഫണ്ട്) | 71423 | 0 |
| 175/22 1,6,13വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 2103850 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 0 | 2103850 |
| ആകെ | 2175273 | 71423 | 2103850 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വർഷാരംഭത്തിൽ | തൻ | ആകെ | തൻവർഷം | തൻവർഷം | വർഷാവ |
|---|---|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വർഷം എടുത്ത ലോൺ തുക | | തിരിച്ചടച്ച തുക മുതൽ | തിരിച്ചടച്ച തുക പലിശ | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ ഉ സാധാ 6105/19 ഫിൻ തീയതി 01.08.2018 | 19804000 | 1540000 | 21344000 | 2405333 | 0 | 18938667 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5-1 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് ജലസ്രോതസ്സ് സംരക്ഷണം കുടിവെള്ള വിതരണം | |
| 2014-15 | 2-4,2-5,2-6,2-7 | 2016-17 | അനുബന്ധം 3,4 | തൊഴിൽ നികുതി, വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-8,2-9, 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 96118596 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80046989 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3271206 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20000 | ശ്രീമതി റൂബി നൈനാൻ, ഹെഡ്മിസ്ട്രസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 250000 | ശ്രീമതി ദിവ്യാ തോമസ്, വെറ്ററിനറി സർജൻ |
| 1-20 | 63156 | ഡോ.സ്മിത ഇ എസ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-21 | 2103850 | ശ്രീമതി രേഖ എം കെ ,സെക്രട്ടറി |
| 1-24 | 854200 | ശ്രീമതി രേഖ എം കെ ,സെക്രട്ടറി |
| ആകെ | 3271206 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റൂബി നൈനാൻ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.യു പി സ്കൂൾ, തിരുവാർപ്പ് | കാവുംവാതുക്കൽ, ആർപ്പൂക്കര പി ഒ, കോട്ടയം |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 2010-11, 11-12 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 /1867(13)22/ 26.08.2022 | 2 |
| 2012-13 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 /1867(15)22/ 26.08.2022 | 2 |
| 2013-14 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 | 5 |

| | | |
|---|---|---|
| | /1867(16)22/ 26.08.2022 | |
| 2014-15 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 /1867(17)22/ 26.08.2022 | 6 |
| 2015-16 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 /1867(18)22/ 26.08.2022 | 4 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി9/408/18/ 7.3.2018 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി9/864/22/16.6.22 | 7 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി9/929/22/16.06.22 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി9/291 /22/02.06.2022 | 13 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി9/1360 /22/26.10.2022 | 8 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്